**പതിനഞ്ചാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *16 27/06/2022-ൽ മറുപടിയ്ക്ക്

**'ലൈഫ് പദ്ധതി'**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. വാഴൂർ സോമൻ**<br>**ശ്രീ. പി എസ് സുപാൽ**<br>**ശ്രീമതി സി കെ ആശ**<br>**ശ്രീ. വി ശശി** | **എം.വി. ഗോവിന്ദൻ മാസ്റ്റർ**<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായി വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 2,96,487 വീടുകളുടെ നിർമ്മാണം 20.06.2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ 5 ഭവനസമുച്ചയങ്ങളിലായി 219 പേർക്ക് ഫ്ലാറ്റ് നൽകിയിട്ടുണ്ട്. ലൈഫ് രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകളുടെ ഫീൽഡ്തല പരിശോധനയും ഒന്നാം ഘട്ട അപ്പീലും പൂർത്തീകരിച്ചു. 2022 ആഗസ്റ്റ് 16 ന് അന്തിമ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഭൂരഹിത ഭവനരഹിതർക്കായി ഇടുക്കി ജില്ലയിലെ അടിമാലി ലൈഫ് ഭവന സമുച്ചയത്തിൽ 167 ഉം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 21 ഉം തിരുവനന്തപുരം മണ്ണന്തലയിൽ എൻ.ജി.ഒ യൂണിയൻ മുഖേന നിർമ്മിച്ച ഭവന സമുച്ചയത്തിൽ 7 ഉം എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭയിലെ ഭവനസമുച്ചയത്തിൽ 12 ഉം എറണാകുളം കീഴ്മാട് ഗ്രാമപഞ്ചായത്തിലെ ഭവനസമുച്ചയത്തിൽ 12 ഉം |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളുടെ പുനരധിവാസം ഇതിനോടകം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ 39 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭൂരഹിത ഭവനരഹിത പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടുകൂടി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി "മനസ്സോടിത്തിരി മണ്ണ്" എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി ഭൂഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കാൻ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിത പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടുകൂടി ഭൂമി കണ്ടെത്തുന്നതിനായി "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ 06.02.2022 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 11/2022/ത.സ്വ.ഭവ. ഉത്തരവ് പ്രകാരം "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ആർജ്ജിക്കുന്നതിനായി സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനായും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷന്മാർ ചെയർമാനായും സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി ക്യാമ്പയിനിൽ കേരളത്തിലെ സാമൂഹിക/ സാംസ്കാരിക/ജനപ്രതിനിധികളുടെ സഹകരണവും ലഭ്യമാകുന്നുണ്ട്.<br><br>"മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഇതുവരെ 13 ജില്ലകളിലായി 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 12 സ്ഥലങ്ങൾ (1076.754 സെൻറ്) ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 33 സ്ഥലങ്ങൾ (696.807 സെൻറ്) വാഗ്ദാനം ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിർധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ഡി) | നിർധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം ലൈഫ് പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. |

# വിശദീകരണക്കുറിപ്പ്

കേരളത്തിലെ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും മാന്യവും സുരക്ഷിതത്വവുമുള്ള ഭവന സംവിധാനം ഒരുക്കുന്നതിനുമായി നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 2,96,487 വീടുകളുടെ നിർമ്മാണം 20.06.2022 വരെ ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്.

2017 മുതൽ 31.03.2021 വരെ ലൈഫ് പദ്ധതി പ്രകാരം 2,62,131 വീടുകളുടെയും തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 34,356 വീടുകളുടെ പൂർത്തീകരണം ഉൾപ്പെടെ ആകെ 2,96,487 വീടുകളുടെ നിർമ്മാണമാണ് ലൈഫ് മിഷന്റെ വിവിധ ഘട്ടത്തിലൂടെ പൂർത്തീകരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലയളവിൽ ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**ഭവന സമുച്ചയങ്ങൾ**

ലൈഫ് സമ്പൂർണ്ണ പദ്ധതിയുടെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സംസ്ഥാനത്ത് 39 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിലെ (44 യൂണിറ്റുകൾ) ലൈഫ് ഭവന സമുച്ചയത്തിന്റേയും, കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ (44 യൂണിറ്റുകൾ) ലൈഫ് ഭവന സമുച്ചയത്തിന്റേയും, കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിലെ (44 യൂണിറ്റുകൾ) ലൈഫ് ഭവന സമുച്ചയത്തിന്റേയും, ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ (44 യൂണിറ്റുകൾ) ലൈഫ് ഭവന സമുച്ചയത്തിന്റേയും നിർമ്മാണം അവസാന ഘട്ടത്തിലാണ്. കെയർഹോം പദ്ധതിയിലൂടെ 8 ഭവനസമുച്ചയങ്ങളുടേയും മറ്റ് ഏജൻസികൾ മുഖേനയുള്ള പാർട്ട്ണർഷിപ്പിലൂടെ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണവും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നുണ്ട്.

ഭൂരഹിത ഭവനരഹിതർക്കായി ഇടുക്കി ജില്ലയിലെ അടിമാലി ലൈഫ് ഭവനസമുച്ചയത്തിൽ 167 ഉം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 21 ഉം തിരുവനന്തപുരം മണ്ണന്തലയിൽ എൻ.ജി.ഒ യൂണിയൻ മുഖേന നിർമ്മിച്ച ഭവനസമുച്ചയത്തിൽ 7 ഉം എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭയിലെ ഭവന സമുച്ചയത്തിൽ 12 ഉം എറണാകുളം കീഴ്മാട് ഗ്രാമപഞ്ചായത്തിലെ ഭവന സമുച്ചയത്തിൽ 12 ഉം കുടുംബങ്ങളുടെ പുനരധിവാസം ഇതിനോടകം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ 39 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

## ലൈഫ് 2020

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുനപരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പുന:പരിശോധനയ്ക്കും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിൻ

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് "മനസ്സോടിത്തിരി മണ്ണ്" എന്ന ഈ ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്.

മൂന്നു സെൻറ് മുതൽ മുകളിലോട്ട് വിസ്തൃതിയുള്ള നിർമ്മാണയോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന രീതിയാണ് ഇതിൽ പ്രധാനം. ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകുമ്പോൾ സർക്കാരിന്റെ 03.06.2019-ലെ സ.ഉ (അച്ചടി) 83/2019/ടി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവും, 03.06.2019-ലെ സ.ഉ.(അച്ചടി) 84/2019/ടി.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസിളവും നൽകിയിട്ടുണ്ട്.

ഭൂമി വാങ്ങുന്നതിനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയാണ് മറ്റൊന്ന്. സംഭാവനകൾ ഒരു കാരണവശാലും തദ്ദേശ സ്ഥാപനങ്ങളോ സർക്കാർ ഏജൻസികളോ നേരിട്ട് വാങ്ങുന്നതല്ല. എന്നാൽ ഈ രണ്ടു രീതികളിലും ഭൂമി ലഭ്യമാക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് മാത്രമായിരിക്കും.

"മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഇതുവരെ 13 ജില്ലകളിലായി 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 12 സ്ഥലങ്ങൾ (1076.754 സെൻറ്) ലൈഫ് മിഷന് ലഭ്യമായിട്ടുണ്ട്. കൂടാതെ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 33 സ്ഥലങ്ങൾ (696.807 സെൻറ്) വാഗ്ദാനം ചെയ്യപ്പെട്ടിട്ടുമുണ്ട്.